**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 157** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിന് കീഴിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പ്രത്യേക വയസ് (സ്ലാബുകൾ) നിശ്ചയിച്ചിട്ടുള്ള ആരോഗ്യ പദ്ധതികളുടെ വിശദമായ വിവരങ്ങൾ നൽകാമോ; | (എ) | പ്രത്യേക വയസ് (സ്ലാബുകൾ) നിശ്ചയിച്ചിട്ടുള്ള ആരോഗ്യ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>**ആരോഗ്യകിരണം പദ്ധതി:**<br><br>ഒരു വയസ്സ് മുതൽ പതിനെട്ടുവയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം(RBSK) പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും (മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP/IP)) ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കും. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. തദ്ദേശീയരായ ആദായനികുതിദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.<br><br>പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഉയർന്ന ചെലവ് വരുന്ന ചികിത്സകൾക്ക് (ലിവർ ട്രാൻസ്പ്ലാന്റേഷൻ, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ തുടങ്ങിയവ) പദ്ധതിയുടെ കീഴിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ |

തീരുമാനപ്രകാരം പരിധിയില്ലാതെയാണ് സൗജന്യ ചികിത്സ നൽകുന്നത്.

**<u>ശ്രുതി തരംഗം പദ്ധതി:</u>** ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ "കോക്ലിയർ ഇമ്പ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ തെറാപ്പി ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ" എന്നിവ സൗജന്യമായി ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'. ശ്രുതിതരംഗം പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം ശസ്ത്രക്രിയയ്ക്ക് 0 മുതൽ 3 വയസ്സ് വരെയുള്ള വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് സാധാരണ ഗതിയിൽ അംഗീകാരം ലഭിക്കുന്നത്. എന്നിരുന്നാലും 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്കും മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ പ്രത്യേക അംഗീകാരത്തോട്ടുകൂടി പ്രായഭേദമന്യേയും ശസ്ത്രക്രിയാ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ശസ്ത്രക്രിയയ്ക്ക് ശേഷം വേണ്ടി വരുന്ന അനുബന്ധ സേവനങ്ങളായ പ്രോസസ്സർ അപ്ഗ്രഡേഷൻ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ 25 വയസ്സ് വരെയും ലഭ്യമാണ്. തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽ വരുന്നത്.

## <u>RBSK</u>

18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട 30 രോഗാവസ്ഥകൾക്ക് മാത്രം ചികിത്സ നൽകുന്ന പദ്ധതിയാണിത്

**<u>ഹൃദ്യം</u>**

നാഷണൽ ഹെൽത്ത് മിഷനു കീഴിൽ വരുന്ന ഈ പദ്ധതി ഹൃദയ സംബന്ധമായ അസുഖമുള്ള (സർജറി ഉൾപ്പെടെയുള്ള) 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും നൽകി വരുന്ന സൗജന്യ ചികിത്സാ പദ്ധതിയാണ്. ഈ പദ്ധതിയ്ക്ക് വരുമാന പരിധിയില്ല . ഹൃദ്യം വെബ് സൈറ്റിൽ Echo report ഉം കൂടി ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ് .

## <u>JSSK</u>

ഈ പദ്ധതി പ്രകാരം ഗർഭിണികൾക്കും നവജാത

| | | | |
|---|---|---|---|
| | | | ശിശുക്കൾക്കും(ഒരു വയസു വരെ) സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. |
| (ബി) | സൗജന്യ ചികിത്സകൾ ലഭ്യമാക്കുന്നതിന് ആശുപത്രികൾ നിശ്ചയിച്ചിട്ടുണ്ടോയെന്നും ഗവൺമെന്റ് ആശുപത്രികളിൽ മാത്രമാണോ ചികിത്സ ലഭ്യമാക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | ഐപി സൗകര്യങ്ങളുള്ള എല്ലാ സർക്കാർ പൊതു ആശുപത്രികളിലും, പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളിലും ഗുണഭോക്താക്കൾക്ക് കാസ്പ്/ ആരോഗ്യ കിരണം പദ്ധതികൾ മുഖേനയുള്ള സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തിന് പുറത്ത് ചികിത്സിക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഈ സേവനം ലഭ്യമാണ്. സംസ്ഥാനത്തിന് പുറത്ത് ABPMJAY പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും 'പോർട്ടബിലിറ്റി' സംവിധാനം വഴി ഗുണഭോക്താക്കൾക്ക് ചികിത്സ സൗകര്യം ലഭ്യമാകുന്നു. |
| (ഡി) | ആരോഗ്യ കിരണം പദ്ധതിയുടെ വിശദമായ വിവരം, അപേക്ഷ സമർപ്പിക്കേണ്ട രീതി, മാനദണ്ഡം എന്നിവ ഉൾപ്പെടെ വ്യക്തമാക്കാമോ? | (ഡി) | ഒരു വയസ്സ് മുതൽ പതിനെട്ടു വയസ്സ് വരെ പ്രായമുള്ള സംസ്ഥാനത്തെ കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. തദ്ദേശീയരായ ആദായനികുതി ദായകരോ, കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികൾക്കാണ് പരിരക്ഷ നൽകുന്നത്.<br><br>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും (മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP/IP)) ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കും. പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കരൾ, വൃക്ക, മജ്ജ എന്നിവയുടെ മാറ്റിവെയ്ക്കൽ ഉൾപ്പെടെ ഉയർന്ന ചെലവ് വരുന്ന ചികിത്സകൾക്ക് പദ്ധതിയുടെ കീഴിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ തീരുമാനപ്രകാരം സൗജന്യ ചികിത്സ നൽകി വരുന്നു.<br><br>**അപേക്ഷ സമർപ്പിക്കേണ്ട രീതി:** ഗുണഭോക്തൃ പരിധിയിൽ ഉൾപ്പെടുന്നവർ റേഷൻ കാർഡ്, ആധാർ കാർഡ് വരുമാന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നീ രേഖകളുമായി ചികിത്സ തേടുന്ന ആശുപത്രിയുടെ KASP പദ്ധതിയുടെ കിയോസ്കുകളിൽ നേരിട്ടെത്തി ഉചിതമായ പരിശോധനകൾക്ക് ശേഷം പണരഹിതമായി ചികിത്സാ കാർഡ് കരസ്ഥമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ